(ഡി) വസ്ത്രക്കയറ്റുമതിയുമായി ബന്ധപ്പെട്ട നികുതി ഘടനയിൽ മാറ്റം വരുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയറ്റുമതി ഉല്പന്നങ്ങൾക്ക് നികുതി ഏർപ്പെടുത്തുക എന്ന നയം സർക്കാർ അവലംബിച്ചിട്ടില്ല.

(ബി) കയറ്റുമതി ഉല്പന്നങ്ങൾക്ക് നികുതി നിലവിലില്ലാത്തതിനാൽ മാറ്റം വരുത്തേണ്ട ആവശ്യം ഉണ്ടാകുന്നില്ല.

(സി ആന്റ് ഡി) ബാധകമല്ല.

കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

23 [2795] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ എത്ര സഹകരണ സംഘങ്ങൾ അറ്റ ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) കൈത്തറി മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) കൈത്തറി മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ 635 കൈത്തറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 437 സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) 130 കൈത്തറി സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൈത്തറി മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) നടപടികൾ കൈക്കൊള്ളുന്നതാണ്.

കൈത്തറി വികസന കോർപ്പറേഷൻ ശക്തിപ്പെടുത്താൻ നടപടി

24 [2796] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനെ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പേര് പഠനം നടത്തിയ വർഷം എന്നിവ അറിയിക്കുമോ;

(ബി) പ്രസ്തുത പഠനം പൂർത്തിയായിട്ടുണ്ടോ; പഠന റിപ്പോർട്ട് കോർപ്പറേഷനോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ പ്രസ്തുത ശുപാർശകളിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ദീൻദയാൽ ഹാത്കർഘ പ്രോത്സാഹൻ യോജന പ്രകാരം ഹാൻവീവിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിശിഷ്യ പ്രവർത്തന മൂലധനം നേടുന്നതിന് വേണ്ടി തിരുവനന്തപുരത്തുള്ള സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് 2003-ൽ ഒരു പഠനം നടത്തുകയുണ്ടായി.

(ബി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) കോർപ്പറേഷന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുന്നതിന് വാർഷിക പലിശ ബാദ്ധ്യതയായ 170 ലക്ഷം രൂപ ഒഴിവാക്കുന്നതിന് വേണ്ടി 2003 മാർച്ച് 31 വരെ ജാമ്യമുള്ളതും അല്ലാത്തതുമായി സംസ്ഥാന സർക്കാർ വിവിധ ഘട്ടങ്ങളിലായി നൽകിയ കടവും പലിശയുമുൾപ്പെടെ 2652.90 ലക്ഷം രൂപ മൂലധനമായി മാറ്റണമെന്നും ശുപാർശ ചെയ്തിരിക്കുന്നു.

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[16-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 23(2795) സദയം കാണുക]

കൈത്തറി മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

തറികളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, മൂല്യവർദ്ധനവ് വരുത്തിയ ആകർഷണീയമായ ഉല്പന്നങ്ങൾക്ക് രൂപകൽപ്പന, നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം, ഉല്പാദനം, വിപണനം എന്നീ പ്രവർത്തനങ്ങൾ സമന്വയിച്ച്, സഹകരണ സംഘങ്ങളുടെ 40 കൺസോഷ്യം രൂപീകരിച്ച് 295 സംഘങ്ങളിലായി 23.33 കോടി രൂപയുടെ ദീൻ ദയാൽ കൈത്തറി വികസന പദ്ധതി നടപ്പാക്കിവരുന്നു. പ്രതിവർഷം 10,000 തറികളിലായി 100 കോടി രൂപയുടെ വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നതിലൂടെ 15,000 പേർക്കു തൊഴിൽ ഉറപ്പാക്കാനാവുമെന്നാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

കെട്ടിക്കിടക്കുന്ന കൈത്തറി തുണികൾ വിറ്റഴിക്കുന്നതിനും അതുവഴി കൈത്തറി മേഖലയെ രക്ഷിക്കുന്നതിനുമായി റിബേറ്റ്, മാർക്കറ്റിംഗ് ഇൻസന്റീവിനത്തിൽ തുക വകയിരുത്തി കൈത്തറി വ്യവസായത്തെ രക്ഷിക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. നടപ്പുവർഷം 1.5 കോടി രൂപ റിബേറ്റിനത്തിലും 7.61 കോടി രൂപ മാർക്കറ്റിംഗ് ഇനത്തിലും വിതരണം ചെയ്യുകയുണ്ടായി. ഇതു കൂടാതെ 8.67 കോടി രൂപ കേന്ദ്ര സർക്കാരിന്റെ 10% റിബേറ്റ് ഇനത്തിൽ അനുവദിച്ചതിൽ 2.87 കോടി രൂപ ഇതിനകം വിതരണം ചെയ്യുകയുണ്ടായി.

കൈത്തറി വസ്ത്രങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനായി ഹാൻഡ്ലൂം എക്സ്പോർട്ട് സ്കീം നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഇതുവരെ 5.07 കോടി രൂപയുടെ 18 പ്രോജക്ടുകൾ കേന്ദ്ര സർക്കാരിനു സമർപ്പിച്ചു. ഇതിൽ 2.12 കോടി രൂപയുടെ 5 പ്രോജക്ടുകൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും അവ കണ്ണൂർ ജില്ലയിലെ 5 സംഘങ്ങളിലായി നടപ്പാക്കി വരികയും ചെയ്യുന്നു.

കേന്ദ്ര സർക്കാർ 2003-04 ജനുവരി മാസം മുതൽ നടപ്പാക്കി തുടങ്ങിയ പുതിയ പദ്ധതിയാണ് ഇന്റർഗ്രേറ്റഡ് ഹാൻഡ്ലൂം ട്രെയിനിംഗ് പ്രോജക്ട്. ഈ പദ്ധതിയിൽ നെയ്ത്തു തൊഴിലാളികൾക്കും കൈത്തറി സഹ. സംഘങ്ങളിലെ ജീവനക്കാർക്കും വിവിധ മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നു. ഈ പദ്ധതിക്കായി 16 കോടി രൂപ ഇതിനകം അനുവദിക്കുകയും 1440 പേർക്ക് പരിശീലനം നൽകി വരികയും ചെയ്യുന്നു.

2/654/2012—34.

LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധ നെയ്ത്തുകാരെ കണ്ടെത്തി അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകി ഗുണമേന്മയേറിയ കൈത്തറി ഉല്പന്നങ്ങൾ നെയ്തെടുക്കുന്നതിന് സഹായകരമായ ഒരു പദ്ധതി കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണമെന്ന പേരിൽ 2002-03 മുതൽ നടപ്പിലാക്കി വരുന്നു. നെയ്ത്തിലും ഡൈയിംഗിലും ഡിസൈനിലും, വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതി, ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ ധനസഹായം നൽകുന്ന പദ്ധതി, സഹകാര്യ മേഖലയിൽ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി എന്നിവയും കൈത്തറി മേഖലയുടെ നവീകരണത്തിനും ഉന്നമനത്തിനുമായി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നുണ്ട്.

അനുബന്ധം IV

[16-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 26(2798) സദയം കാണുക]

2004-2005-ൽ കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ച പദ്ധതികളും തുകകളും

പദ്ധതികളുടെ പേര്	തുക	
ദീൻദയാൽ കൈത്തറി വികസന പദ്ധതി കമ്പോണന്റ് സ്കീം	96,50,000	രൂപ
ദീൻദയാൽ കൈത്തറി വികസന പദ്ധതി മാർക്കറ്റിംഗ് ഇൻസെന്റീവ്	4,27,23,295	രൂപ
പ്രൊജക്ട് പാക്കേജ് സ്കീം	47,73,000	രൂപ
ഹൗസ് കം വർക്ക്ഷെഡ് സ്കീം	12,74,000	രൂപ
ഹെൽത്ത് പാക്കേജ് പദ്ധതി	17,15,748	രൂപ
കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം	17,98,239	രൂപ
10% കേന്ദ്ര റിബേറ്റ്	5,80,55,614	രൂപ
മിനി എക്സ്പോ	4,00,000	രൂപ
ഡിസ്ട്രിക്ട് ലെവൽ ഇവന്റ്സ്	5,32,488	രൂപ
പ്രത്യേക കേന്ദ്ര സഹായം	3,00,00,000	രൂപ
ഐ.എച്ച്.ഡി.പി. (വീവേഴ്സ് സർവ്വീസ് സെന്റർ വഴി നടപ്പാക്കുന്നത്)	94,98,750	രൂപ
ആകെ	16,04,21129	രൂപ

LIBRARY ARCHIVES Kerala Legislative Assembly